<u>പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടിക്രമം</u>

(ഹാജർ - കെ. രവികുമാർ, പൂർണ്ണ അധിക ചുമതല)

വിഷയം - പൊതു വിദ്യാഭ്യാസം - എയ്ഡഡ് - സംരക്ഷിതാദ്ധ്യാപകരുടെ പുനഃവിന്യാസം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം - 1) ജി.ഒ.(പി) നമ്പർ.29/2016/പൊ.വി. തിയ്യതി - 29-1-2016.
2) ജി.ഒ.(പി) നമ്പർ.134/2016/പൊ.വി. തിയ്യതി - 5-8-2016.
3) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നമ്പർ.എച്ച്2/91055/2016 തിയ്യതി - 12-1-17.
4) ജി.ഒ.(എംഎസ്) നമ്പർ.209/16/പൊ.വി. തിയ്യതി -26-12-16.
5) വിവിധ തിയ്യതികളിലെ ഈ കാര്യാലയത്തിന്റെ ഇതേ നമ്പർ നടപടിക്രമങ്ങൾ.
6) പ്രധാനാദ്ധ്യാപകരിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും ലഭിച്ച അപേക്ഷകൾ.

---

<u>ഉത്തരവ് നമ്പർ.ബി3/6213/2016 തിയ്യതി - 18-2-17</u>

---

പാരാ (1)(2) സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകരെ പുനർ വിന്യസിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ നിർദ്ദേശം നടപ്പിലാക്കികൊണ്ട് സംരക്ഷിത അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ ഒഴിവുകൾ ലഭ്യമായ സർക്കാർ വിദ്യാലയങ്ങളിലേക്കും, ഓഫീസുകളിലേക്കും ലഭ്യമായ നിർദ്ദിഷ്ട സ്വഭാവമുള്ള ഒഴിവുകൾ പാരാ (5) പ്രകാരം ഉത്തരവായിരുന്നു. മാതൃവിദ്യാലയത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത മുറക്ക് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാതൃവിദ്യാലയത്തിലെ വിവിധ ഒഴിവുകളിലേക്ക് തിരിച്ച് വിളിക്കുകയും ചെയ്തിരുന്നു.

പാരാ (3) കത്ത് പ്രകാരം ബി.ആർ.സി.കളിൽ സി.ആർ.സി.മാരായി സേവനമനുഷ്ഠിക്കുന്ന സംരക്ഷിതാദ്ധ്യാപകരെ മാതൃവിദ്യാലയത്തിൽ ലഭ്യമാകുന്ന ഒഴിവുകളിലേക്ക് തിരിച്ച് വിളിക്കാൻ നിർദ്ദേശിച്ചിരുന്നു. പാരാ (5) ഉത്തരവ് പ്രകാരം ഭാഷാദ്ധ്യാപകർക്ക് നിലനിൽക്കാൻ നിർദ്ദിഷ്ട എണ്ണം കുട്ടികളുണ്ടെങ്കിൽ മാതൃവിദ്യാലയത്തിലേക്ക് തിരിച്ച് വിളിക്കാനും <u>നിലനിർത്താനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.</u> സംരക്ഷിതാദ്ധ്യാപകരിൽ നിന്നും ലഭിച്ച സമർപ്പണങ്ങളുടെയും ആയതിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരിൽ

നിന്നും ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സംരക്ഷിതാദ്ധ്യാപകരെ മാതൃവിദ്യാലയത്തിലേക്ക് തിരിച്ച് വിളിച്ചും, സ്ഥലംമാറ്റം മുഖാന്തിരമോ/അല്ലാതെയോ സ്ഥിരം ജീവനക്കാർ സേവനത്തിൽ പ്രവേശിച്ചതുമൂലം മുതലായ കാരണങ്ങളാൽ പുനഃവിന്യസിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക, മാതൃവിദ്യാലയം | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | പുനഃവിന്യസിക്കപ്പെടുന്ന സ്ഥാപനം |
|---|---|---|---|
| 1 | മുജീബ്.കെ, (പി.ടി ഉറുദു, എ.യു.പി.സ്കൂൾ കേരളശ്ശേരി | ജി.ഡബ്ല്യു.എൽ.പി.സ്കൂൾ പുലാശ്ശേരി | എ.യു.പി.സ്കൂൾ കേരളശ്ശേരി |
| 2 | രജിത.വി, (പി.ടി സംസ്കൃതം | കെ.എം.എസ്.ബി. സ്കൂൾ ലക്കിടി | എ.യു.പി.സ്കൂൾ കേരളശ്ശേരി |
| | ക്രമ നമ്പർ.(1)(2) അദ്ധ്യാപകർ പാരാ (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃവിദ്യാലയത്തിലും നിലവിൽ പുനഃവിന്യസിക്കപ്പെട്ടിരിക്കുന്ന വിദ്യാലയത്തിലും സേവനമനുഷ്ഠിക്കേണ്ടതാണ്. | | |
| 3 | പ്യാരിജാൻ.പി.ഇ, അറബി ഭാഷാദ്ധ്യാപിക, എസ്.ബി.എസ്. ഓലശ്ശേരി | ബി.ആർ.സി, മീനാക്ഷിപുരം | എസ്.ബി.എസ്. ഓലശ്ശേരി |
| 4 | കെ.പി.മോഹനനൻ, യു.പി.എസ്.എ, NEUPS കേരളശ്ശേരി | എൻ.ഇ.യു.പി.എസ്. കേരളശ്ശേരി (T.സുപ്രഭ, യുപിഎസ്എയുടെ അവധി ഒഴിവ് 4/7/16-31/1016) | NEUPS കേരളശ്ശേരി (T.സുപ്രഭ അവധി ദീർഘിപ്പിച്ച ഒഴിവ് 14/11/16-12/3/17) |
| 5 | പി.എം.ബിന്ദു, എച്ച്എസ്എ (ഹിന്ദി കല്ലടി എച്ച്എസ് കുമരംപുത്തൂർ | LWA അവധി 15/6/12-30/11/16 APP XII C | ജി.എച്ച്.എസ്. പൊറ്റശ്ശേരി |
| 6 | ലിജേഷ്.ആർ, SMMHS പഴമ്പാലക്കോട് | ജിഎച്ച്എസ് ബെമ്മണ്ണൂർ | SMMHS പഴമ്പാലക്കോട് |
| 7 | ശ്രീലത.ടി, എച്ച്എസ്എ (സോഷ്യൽ സയൻസ് കല്ലടി എച്ച്എസ് കുമരംപുത്തൂർ | ജിഎച്ച്എസ് തെങ്കര | ജിഎച്ച്എസ് കാരാകുറുശ്ശി |

വിദ്യാഭ്യാസ ഉപഡയറക്ടർ
പാലക്കാട്

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
2) ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ
3) ബന്ധപ്പെട്ട അദ്ധ്യാപകർ/അനദ്ധ്യാപകർ
4) വിദ്യാഭ്യാസ ഉപഡയറക്ടറുടെ വെബ്സൈറ്റ്
5) ഫയൽ
6) കരുതൽ ഫയൽ

എസ്.ആർ.18-2-17-4